## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5135** — **04-07-2024 - ൽ മറുപടിയ്ക്ക്**

## അതിഥി തൊഴിലാളികളുടെ താമസ സൗകര്യം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലിനായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികൾക്ക് തൊഴിൽ ദാതാവ് താമസ സൗകര്യം ഏർപ്പെടുത്താറുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തൊഴിലിനായി എത്തുന്ന അതിഥി തൊഴിലാളികൾക്ക് തൊഴിൽ ദാതാവ് താമസ സൗകര്യം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പരിശോധനാ വേളകളിൽ അതിഥി തൊഴിലാളികൾക്ക് താമസ സൗകര്യം സംബന്ധിച്ച് പരിശോധനകൾ നടത്താറുണ്ട്. അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്താനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ക്യാമ്പ് വിസിറ്റ് നടത്തുകയും തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തുവരുന്നു. അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ജോലി ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. ഇങ്ങനെ ലൈസൻസ് എടുക്കുന്ന കരാറുകാർ തൊഴിലാളികൾക്ക് താമസ |

| | | | |
|---|---|---|---|
| | | | സൗകര്യവും ഉറപ്പുവരുത്താറുണ്ട്. കേരളത്തിലേയ്ക്ക് തൊഴിലിനായി വരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളും ഏജന്റുമാർ/കോൺട്രാക്ടർമാർ മുഖേന വരുന്നവർ അല്ല. ഇങ്ങനെ വരുന്ന തൊഴിലാളികൾ സ്വന്തം ചെലവിൽ താമസസൗകര്യങ്ങൾ കണ്ടെത്തുന്നു. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ അതിഥി തൊഴിലാളികളുടെ താമസ സൗകര്യങ്ങൾ സംബന്ധിച്ചും ലേബർ ക്യാമ്പുകൾ സംബന്ധിച്ചും പരിശോധനകൾ നടത്താറുണ്ട്. |
| (ബി) | അതിഥി തൊഴിലാളികൾ വൃത്തിഹീനമായ ചുറ്റുപാടിൽ താമസിക്കേണ്ടി വരുന്ന സാഹചര്യത്തിൽ പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്നതിനും മറ്റ് സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ്/ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ലേബർ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ്, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായ ബോധവത്ക്കരണം നടത്തി വരുന്നുണ്ട്. |
| (സി) | അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | ആതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാനവ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് |

| | | | |
|---|---|---|---|
| | | | കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമ പ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ ശോചനീയമായ താമസ സൗകര്യത്തിൽ പാർത്തിരുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ നൽകുന്ന സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറവ് കണ്ടെത്തുന്ന ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ